# കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് വർക്കേഴ്സ് യൂണിയൻ (INTUC)

H.O.S വരദരാജൻ നായർ സ്മാരക മന്ദിരം,മാഞ്ഞാലിക്കുളം റോഡ്,തമ്പാനൂർ,തിരുവനന്തപുരം

**Ph: 0471- 2333640**


**സർക്കുലർ നമ്പർ: 5/2025**

# സംസ്ഥാന ഭാരവാഹികളുടെ യോഗം

സുഹൃത്തേ,

കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് വർക്കേഴ്സ് യൂണിയന്റെ സംസ്ഥാന ഭാരവാഹികളുടെ ഒരു യോഗം 27.02.2025 വ്യാഴാഴ്ച്ച രാവിലെ 10 മണിക്ക് തിരുവനന്തപുരത്ത് യൂണിയൻ HO യിൽ വച്ച് സംസ്ഥാന പ്രസിഡന്റ് ശ്രീ.തമ്പാനൂർ രവി Ex MLA യുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. ജനറൽ സെക്രട്ടറി ശ്രീ.എം.വിൻസെന്റ് MLA യും വർക്കിംഗ് പ്രസിഡന്റ് ഉൾപ്പെടെയുള്ള മറ്റു സംസ്ഥാന ഭാരവാഹികളും പങ്കെടുത്തു.

ഇന്ന് ചേർന്ന യോഗത്തിന്റെ പ്രധാന അജണ്ടകൾ ഫെബ്രുവരി 4 ലെ പണിമുടക്കും, തുടർസമര തീരുമാനങ്ങളും, റഫറണ്ടവും ആയിരുന്നു.

## പണിമുടക്ക്:

2025 ഫെബ്രുവരി 4 ലെ പണിമുടക്കിൽ കെ.എസ്.ആർ.ടി.സിയിലെ ഭൂരിപക്ഷം സ്ഥിരം ജീവനക്കാരും പങ്കെടുത്തതായും യൂണിയൻ ഉയർത്തിയ ആവശ്യങ്ങളിൽ രാഷ്ട്രീയത്തിനതീതമായി എല്ലാ യൂണിയൻ അംഗങ്ങൾക്കിടയിലും പിന്തുണ നേടിയെടുക്കാൻ കഴിഞ്ഞതായും സംസ്ഥാന കമ്മറ്റി വിലയിരുത്തി. പണിമുടക്കിൽ ഉയർത്തിയ ആവശ്യങ്ങളിൽ തുടർസമരങ്ങൾ നടത്താൻ കമ്മറ്റി തീരുമാനിച്ചു. കടുത്ത തൊഴിൽസമ്മർദ്ദവും അമിത ജോലിഭാരവും സാമ്പത്തിക ബാധ്യതകളുമാണ് കെ.എസ്.ആർ.ടി.സി തൊഴിലാളികൾക്കിടയിൽ ആത്മഹത്യകളും അകാലമരണങ്ങളും ഗുരുതരരോഗങ്ങളും വർദ്ധിക്കാൻ കാരണമെന്നും ഈ വിഷയങ്ങളിൽ ആരോഗ്യ വിദഗ്ദ്ധരും യൂണിയൻ അംഗങ്ങളും സർക്കാർ പ്രതിനിധികളും ഉൾപ്പെട്ട ഒരു സമിതി രൂപീകരിച്ച് വിശദമായ അന്വേഷണം നടത്തി പരിഹാരം ഉണ്ടാക്കണമെന്ന് സംസ്ഥാന കമ്മറ്റി ആവശ്യപ്പെട്ടു. ഇത് സംബന്ധിച്ച് നിരവധി തവണ സർക്കാരിനോട് യൂണിയൻ ആവശ്യം ഉന്നയിച്ചിരുന്നു എങ്കിലും ഒരു മെഡിക്കൽ പരിശോധന തുടങ്ങാൻ മാത്രമാണ് ഈ വിഷയത്തിൽ സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇതിൽ യൂണിയൻ ഉന്നയിച്ച പ്രകാരം വിദഗ്ദ്ധ സമിതി രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ട് യൂണിയൻ പ്രതിനിധികൾ മുഖ്യമന്ത്രിയെ കാണാൻ തീരുമാനിച്ചു.

പണിമുടക്കിയ ജീവനക്കാരുടെ ശമ്പളബിൽ വൈകിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ട് മാനേജ്മന്റ് ഇറക്കിയ ഉത്തരവിന് പിന്നിൽ സർക്കാരിന്റെയും ഭരണപക്ഷ യൂണിയന്റേയും ഇടപെടൽ ആണെന്ന് യോഗം വിലയിരുത്തി. ഈ ഉത്തരവ് പിൻവലിക്കുന്നതിന് TDF നടത്തിയ ശക്തമായ പ്രതിഷേധങ്ങൾക്ക് പൊതു സ്വീകാര്യത ഉണ്ടായെന്നും, ശക്തമായ പ്രതിഷേധം ഭയന്ന് മാനേജ്മെന്റിന് വിവാദ ഉത്തരവ് ഭേദഗതി ചെയ്ത് തലയൂരേണ്ടി വന്നത് TDF ന്റെ വിജയമാണെന്നും വിലയിരുത്തപ്പെട്ടു. അതുപോലെ തന്നെ പണിമുടക്കിൽ പങ്കെടുത്ത ബദലി വിഭാഗം ജീവനക്കാരെ ജോലിയിൽ നിന്നും മാറ്റി നിർത്തിയിരിക്കുന്ന നടപടി ഇതുവരെ പിൻവലിക്കാത്ത സാഹചര്യത്തിൽ ഇത്തരം ജനാധിപത്യ വിരുദ്ധ നടപടികൾക്കെതിരെ ശക്തമായ പ്രതിഷേധങ്ങൾ സംഘടിപ്പിക്കാനും തീരുമാനിച്ചു.

## റഫറണ്ടം:

TDF ലേബർ കമ്മീഷണർക്കും സർക്കാരിനും ഉൾപ്പെടെ റഫറണ്ടം സമയബന്ധിതമായി നടത്തണമെന്ന് ആവശ്യപ്പെട്ടതിനെ തുടർന്നാണ് ഫെബ്രുവരി 19 ന് റഫറണ്ടം സംബന്ധിച്ച മീറ്റിംഗ് ലേബർ കമ്മീഷണർ തിരുവനന്തപുരത്ത് വിളിച്ചു ചേർത്തത്. റഫറണ്ടം സമയബന്ധിതമായി നടത്തുന്നതിനുള്ള നടപടികൾ ലേബർ കമ്മീഷണർ ഓഫീസുമായി ബന്ധപ്പെട്ട് സ്വീകരിക്കുന്നതിനും മറ്റുമായ തുടർ നടപടികൾ സ്വീകരിക്കാൻ കമ്മറ്റി തീരുമാനിച്ചു. റഫറണ്ടം സംബന്ധിച്ച് വർക്കേഴ്സ് യൂണിയന്റെ ജില്ലാ കമ്മറ്റി യോഗങ്ങൾ മാർച്ച്–12 നുള്ളിൽ യൂണിറ്റ് കമ്മറ്റി യോഗങ്ങൾ

മാർച്ച് – 16 ന മുൻപും പൂർത്തിയാക്കാൻ യോഗം നിർദ്ദേശം നൽകുന്നു. എല്ലാ ജില്ലാകമ്മറ്റി യോഗങ്ങളിലും ചുമതലയുള്ള സംസ്ഥാന ഭാരവാഹികൾ പങ്കെടുക്കണം.

## ജില്ലാകമ്മറ്റി യോഗങ്ങൾ

| | |
|---|---|
| തിരുവനന്തപുരം നോർത്ത്&സൗത്ത് | - മാർച്ച് 11 |
| കൊല്ലം | - മാർച്ച് 11 |
| പത്തനംതിട്ട | - മാർച്ച് 9 |
| ആലപ്പുഴ | - മാർച്ച് 13 |
| കോട്ടയം | - മാർച്ച് 5 |
| ഇടുക്കി | - മാർച്ച് 6 |
| എറണാകുളം | - മാർച്ച് 9 |
| തൃശ്ശൂർ | - മാർച്ച് 10 |
| പാലക്കാട് | - മാർച്ച് 9 |
| മലപ്പുറം | - മാർച്ച് 12 |
| കോഴിക്കോട് | - മാർച്ച് 12 |
| വയനാട് | - മാർച്ച് 6 |
| കണ്ണൂർ | - മാർച്ച് 6 |
| കാസർഗോഡ് | - മാർച്ച് 7 |

ജില്ലാ കമ്മറ്റി യൂണിറ്റ് കമ്മറ്റി യോഗങ്ങളുടെ ഏക അജണ്ട റഫറണ്ടം പ്രവർത്തനം മാത്രം ആയിരിക്കും. യൂണിറ്റ് കമ്മറ്റി യോഗങ്ങളിൽ ജില്ലാ സെക്രട്ടറി/ പ്രസിഡന്റുമാർ നിർബന്ധമായും പങ്കെടുക്കണം. യോഗങ്ങളിൽ റഫറണ്ടം പ്രചരണങ്ങൾ സംബന്ധിച്ച് തീരുമാനം എടുക്കണം.

വയനാട് ജില്ലയിലെ സംസ്ഥാന ഭാരവാഹിയായ ശ്രീ.ഒ.കെ.ശശി സർവ്വീസിൽ നിന്നും റിട്ടയർമെന്റ് ആയതിനാൽ വയനാട് ജില്ലയുടെ പൂർണ്ണ ചുമതല സംസ്ഥാന വൈസ് പ്രസിഡന്റ് ബിജു ജോണിന് നൽകാൻ തീരുമാനിച്ചു. അദ്ദേഹത്തിന് വയനാട്ടിലെ റഫറണ്ടം പ്രവർത്തനങ്ങൾ ഉൾപ്പെടെ ഏകോപിപ്പിക്കുന്നതിന് ശ്രീ.ഒ.കെ. ശശീന്ദ്രന്റെ പൂർണ്ണമായ സഹായ സഹകരണങ്ങൾ നൽകേണ്ടതാണ്.

ശുഭകുമാരി സഹായ ഫണ്ട് സ്വരൂപിച്ചിട്ടുള്ള എല്ലാ യൂണിറ്റുകളും ആയത് മാർച്ച്–5 ന മുൻപ് യൂണിയൻ അക്കൗണ്ടിലേക്ക് ഒടുക്കേണ്ടതാണ്, ആയത് മേൽനോട്ടം വഹിച്ച് കൃത്യത ഉറപ്പാക്കാൻ സംസ്ഥാന ട്രഷറർക്ക് കമ്മറ്റി നിർദ്ദേശം നൽകി. യൂണിയൻ നേതൃത്വത്തിൽ സ്വരൂപിച്ച സഹായ ഫണ്ട് മാർച്ച് 7–ാം തീയതി യൂണിയൻ ജനറൽ സെക്രട്ടറി നേരിട്ട് ശുഭകുമാരിക്ക് നൽകും.

## പ്രവർത്തന ഫണ്ട്:

പ്രവർത്തന ഫണ്ട് പിരിവ് പൂർത്തീകരിച്ച് കണക്കും കൂപ്പണും തുകയും ഇതുവരേയും ഹെഡ് ഓഫീസിൽ ഒടുക്കാത്ത യൂണിറ്റുകളിൽ നിന്നും ആയത് രണ്ട് ദിവസത്തിനകം ഒടുക്കുന്നതിന് യൂണിറ്റ് സെക്രട്ടറി/ ട്രഷറർമാർക്കും കർശന നിർദ്ദേശം നൽകാനും അതു കഴിഞ്ഞും ടി നിർദ്ദേശം പാലിക്കാത്ത യൂണിറ്റ് സെക്രട്ടറി/ പ്രസിഡന്റ്/ ട്രഷറർമാർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകാനും യോഗം തീരുമാനിച്ചു.

പ്രവർത്തന ഫണ്ട് പിരിവിൽ വീഴ്ച്ച വരുത്തുന്ന യൂണിറ്റുകളിൽ നിന്നുള്ളവരെ സംസ്ഥാന, ജില്ലാ ഭാരവാഹിത്വങ്ങളിലേക്ക് പരിഗണിക്കുന്നത് പുനരാലോചിക്കാനും തീരുമാനിച്ചു. ഇൻകുംബൻസി പൂർത്തീകരിച്ച ജീവനക്കാർക്ക് അവർ ആവശ്യപ്പെടുന്ന യൂണിറ്റുകളിലേക്ക് ട്രാൻസ്ഫർ അനുവദിച്ചു നൽകാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് മാനേജ്മെന്റിനോട് ആവശ്യപ്പെടാനും യോഗം തീരുമാനം എടുത്തു. കെ.എസ്.ആർ.ടി.സിയിൽ ട്രാൻസ്ഫറുകൾ ഇറക്കുമ്പോൾ നിലവിലെ നിയമങ്ങളും നിബന്ധനകളും കൃത്യമായി പാലിക്കണമെന്നും മാനേജ്മെന്റിനോട് യൂണിയൻ ആവശ്യപ്പെട്ടു. യൂണിയന്റെ റഫറണ്ടം പ്രവർത്തനം ശക്തമായി നടത്തുന്നതിന് വർക്കേഴ്സ് യൂണിയൻ ഒരു സംസ്ഥാന തല സമിതിയെ നിയോഗിക്കാനും തീരുമാനിച്ചു.

തിരുവനന്തപുരം
28.02.2025

എം.വിൻസന്റ് MLA
ജനറൽസെക്രട്ടറി